(സി)	2012-13	-	21.38 കോടി
	2013-14	-	38.39 കോടി
	2014-15	-	21.22 കോടി
			(2014 ഒക്ടോബർ 31 വരെ)
	ആകെ	-	80.99 കോടി

(ഡി) ഇല്ല.

(ഇ) നന്മ പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷത്തിലും 2013-14 സാമ്പത്തിക വർഷത്തിലും കൂടി ആകെ 53.89 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടം കണക്കാക്കുന്നതിനാൽ 2014 ഒക്ടോബർ 31 വരെയുള്ള നഷ്ടം കണക്കാക്കിയിട്ടില്ല.

(എഫ്) ബാങ്കുകളിൽ നിന്നും വായ്പയെടുത്ത തുകയ്ക്ക് ഒരു വർഷം പലിശയിനത്തിൽ ശരാശരി 26.29 കോടി രൂപ നൽകുന്നു.

(ജി) നന്മ സ്റ്റോറുകളിലൂടെ അനുവദിക്കുന്ന വിൽപ്പന വിലക്കുറവ് 10 ശതമാനമായി പരിമിതപ്പെടുത്തിയും എഫ്.എം.ജി.സി. ഇനങ്ങളുടെ വിൽപ്പന വർദ്ധിപ്പിച്ചും നന്മ സ്റ്റോറുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ 2 ആക്കി പരിമിതപ്പെടുത്തിയും നന്മ സ്റ്റോറുകളിലെയും നന്മ പാക്കിംഗ് സെന്ററുകളിലെയും ജീവനക്കാരുടെ എണ്ണം കുറച്ചും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. എൻ.സി.ഡി.സി.-യിൽനിന്നും തൻവർഷം അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് സപ്ലയർമാർക്കുള്ള കടിശ്ശിക കുറയ്ക്കുന്നതിനും സ്റ്റോക്ക് സംഭരണം ശക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം

92 (2330) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് (സഹകരണഭവൻ നിൽക്കുന്ന സ്ഥലത്ത്) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നു വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ, താലൂക്കുകളിലെ ആഫീസുകൾക്കായി മന്ദിരം നിർമ്മിച്ചു നൽകുന്നതിന് കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുള്ള സാഹചര്യത്തിൽ നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭിക്കേണ്ടതായുണ്ട്. പഴയ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അഴിമതി കണ്ടെത്തിയതിനെ തുടർന്ന് നഷ്ടത്തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പൊതുമരാമത്ത് വകുപ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിജിലൻസ് വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) ടി സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അനുമതിയും അനുയോജ്യമായ പ്രൊപ്പോസലും ലഭിക്കുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കാൻ നടപടി

93 (2331) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ രൂപരേഖയ്ക്ക് അന്തിമ രൂപമായിട്ടില്ല.

(ബി) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരങ്ങൾ തരംതിരിച്ച് ചുവടെ ചേർക്കുന്നു: